അവിടെനിന്നു മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ടെന്നും അതു മാറ്റിയാൽ കെട്ടിടം ഒഴിഞ്ഞുതരുന്നതാണ് എന്നു കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

മൂന്നു വർഷത്തിൽ കൂടുതൽ ഒരു സെക്ഷനിൽ ജോലി നോക്കി വരുന്ന സെക്ഷൻ ആഫീസർമാർ

455 [806] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ ജി.എ.ഡി. സർവ്വീസസ് സെക്ഷനുകളിൽ മൂന്നുവർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കി വരുന്ന എത്ര സെക്ഷൻ ആഫീസർമാരുണ്ട്;

(ബി) മൂന്നു വർഷത്തിൽ കൂടുതൽ കാലം ഒരേ സെക്ഷനിൽ തുടരുന്ന സെക്ഷൻ ആഫീസർമാരെ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 3 (മൂന്ന്)

(ബി) സാധാരണ ഗതിയിൽ മൂന്നു വർഷം മാത്രമേ സെക്ഷൻ ആഫീസർമാരെ ഒരേ സെക്ഷനുകളിൽ തുടരുവാൻ അനുവദിക്കുകയുള്ളൂ. എന്നാൽ ഭരണ സൗകര്യം കണക്കിലെടുത്ത് ചില സെക്ഷൻ ആഫീസർമാരെ അതാത് സെക്ഷനുകളിൽ മൂന്നുവർഷത്തിനുശേഷവും തുടരുവാൻ അനുവദിക്കാറുണ്ട്.

സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റുകൾ

456 [807] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ എത്ര ടൈപ്പിസ്റ്റുകൾ ഉണ്ട്;

(ബി) ഇവരിൽ എത്രപേർ സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസായിട്ടുണ്ട്;

(സി) ഇതിൽ അസിസ്റ്റൻറ് ട്രെയിനിയായി ഒരുവർഷക്കാലം പൂർത്തിയാക്കിയവർ എത്രയാണ്;

(ഡി) അസിസ്റ്റൻറ് പരിശീലനം പൂർത്തിയാക്കിയ ടൈപ്പിസ്റ്റുമാരെ വീണ്ടും പഴയ ലാവണത്തിൽ നിയമിക്കാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(എഫ്) പരിശീലന കാലാവധി കഴിഞ്ഞിട്ടും അസിസ്റ്റൻറ് ട്രെയിനിയായി തുടരുന്ന എത്ര ടൈപ്പിസ്റ്റുകൾ ഇപ്പോൾ സെക്രട്ടേറിയറ്റിലുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly